LIBRARY ARCHIVES Kerala Legislative Assembly

ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

9 (4397) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ വിളകൾ സംഭരിക്കാനും സൂക്ഷിച്ചുവയ്ക്കാനുമായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ.) രൂപീകരിക്കുവാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ രൂപീകരണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നു. കേരളത്തിന്റെ എഫ്.പി.ഒ. നയം 15-5-2020-ലെ G.O.(Rt).No. 431/2020/AGRI പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഏതെങ്കിലും ജില്ലയിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനനയം അനുസരിച്ചും കേന്ദ്രനയം അനുസരിച്ചും എഫ്.പി.ഒ.-കൾ രൂപീകരിക്കുന്ന പ്രവർത്തനം ആരംഭഘട്ടത്തിലാണ്.

(സി) കാസർഗോഡ് ജില്ലയിൽ എത്ര എഫ്.പി.ഒ. രൂപീകരിക്കുവാനാണ് ജില്ലാ ഭരണകൂടം അനുമതി തേടിയിട്ടുള്ളത്; ഇതിന് അനുമതി നൽകേണ്ടത് ആരാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ പുതിയ 2 എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നതിനും പഴയ 2 എഫ്.പി.ഒ.-കളുടെ ശാക്തീകരണത്തിനും ലക്ഷ്യമിടുന്നു. ജില്ലകളിലെ എഫ്.പി.ഒ.-കൾ തെരഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകുന്നത് സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയാണ്. ഇത് സംബന്ധിച്ച ഉത്തരവ് 16-2-2021-ലെ G.O. (Rt)No. 151/2021/AGRI പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇതിന് ഇതേവരെ അനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം അനുമതി നൽകി എഫ്.പി.ഒ. ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ എഫ്.പി.ഒ. ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയതിനായി അഗ്രി ബിസിനസ്സ് പ്രോമോട്ടിംഗ് ഏജൻസികളെ സാങ്കേതികവും സാമ്പത്തികവുമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ ജില്ലാതല അലോട്ട്മെന്റ് പൂർത്തിയായിട്ടുണ്ട്. എഫ്.പി.ഒ. രൂപീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.